"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും കുടുംബശ്രീ ഫെസ്റ്റിവലും 2025 ഡിസംബർ മാസത്തിൽ ഉദുമ നിയോജക മണ്ഡലത്തിൽ 'സരസ്സ്' മാതൃകയിൽ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1822/2025/LSGD തീയതി,തിരുവനന്തപുരം, 24-07-2025

---

പരാമർശം:-
1. അഡ്വ. സി എച്ച് കുഞ്ഞമ്പു , ബഹു.കേരള നിയമസഭാംഗം( ഉദുമ) -യുടെ 02.07.2025-ലെ MLA/UDMA- 285/2025 നം കത്ത്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/07/2025-ലെ 1250/J1/2025/KSHO നം. റിപ്പോർട്ട്.

**ഉത്തരവ്**

'സരസ്സ്' മാതൃകയിൽ കുടുംബശ്രീ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും അതോടൊപ്പം കുടുംബശ്രീ ഫെസ്റ്റിവലും 2025 ഡിസംബർ മാസത്തിൽ ഉദുമ നിയോജക മണ്ഡലത്തിൽ സംഘടിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് അഡ്വ. സി എച്ച് കുഞ്ഞമ്പു, ബഹു.കേരള നിയമസഭാംഗം( ഉദുമ) പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. വിപുലമായ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് കുടുംബശ്രീയുടെ സംരംഭകർക്ക് വരുമാന സാദ്ധ്യത ഉറപ്പാക്കത്തക്ക തരത്തിൽ മേള നടത്തപ്പെടുകയാണെങ്കിൽ ഉല്പന്ന സ്റ്റാൾ/ഫുഡ്കോർട്ട് മുതലായവയുമായി ബന്ധപ്പെട്ട സജ്ജീകരണങ്ങൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ പങ്കാളിത്ത ഫീസ് ആയി കുടുംബശ്രീ മിഷന് അനുവദിക്കാൻ കഴിയുന്നതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 'സരസ്സ്' മാതൃകയിൽ, കുടുംബശ്രീ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും അതോടൊപ്പം കുടുംബശ്രീ ഫെസ്റ്റിവലും, 2025 ഡിസംബർ മാസത്തിൽ ഉദുമ നിയോജക മണ്ഡലത്തിൽ സംഘടിപ്പിക്കുന്നതിനും ആയതിന്റെ സജ്ജീകരണങ്ങൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ പങ്കാളിത്ത ഫീസ് ആയി വിനിയോഗിക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/225/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 25-07-2025 11:02:57
സെക്ഷൻ ഓഫീസർ